**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1656** **28-07-2021 - ൽ മറുപടിയ്ക്ക്**

**എൻ.എഫ്.എസ്.എ. ഗോഡൗണിൽ സൂക്ഷിച്ച ഭക്ഷ്യധാന്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിനായി എൻ.എഫ്.എസ്.എ. ഗോഡൗണിൽ സൂക്ഷിച്ച അരിയും ഗോതമ്പും കരിഞ്ചന്തയിലേക്ക് കടത്തിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സപ്ലൈകോ വലിയതുറ എൻഎഫ്എസ്എ ഗോഡൗണിൽ സപ്ലൈകോ ജൂനിയർ മാനേജർ നടത്തിയ പരിശോധനയിൽ റേഷൻ കട വഴി വിതരണം ചെയ്യുന്നതിനായി സൂക്ഷിച്ചിരുന്ന ഭക്ഷ്യ ധാന്യങ്ങളുടെ സ്റ്റോക്കിൽ 19,87,280/- രൂപയുടെ ഭക്ഷ്യ ധാന്യം സ്റ്റോക്കിൽ കുറവുള്ളതായി കണ്ടെത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് സംശയിക്കുന്ന എൻഎഫ്എസ്എ ഓഫീസർ ഇൻചാർജിനെ സസ്പെൻഡ് ചെയ്ത് വിശദമായ അന്വേഷണത്തിന് വിജിലൻസ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ നാലാം മൈൽ കാട്ടിച്ചിറയിൽ ശ്രീ.കെ.നസീർ എന്നയാളുടെ ഉടമസ്ഥതയിൽ പണി നടന്നുകൊണ്ടിരിക്കുന്ന വീട്ടിൽ നിന്ന് 29.09.2020ൽ 64 ചണ ചാക്ക് അരിയും 20kg തൂക്കം വരുന്ന, റേഷൻ അരിയാണെന്ന് സംശയിക്കുന്ന 242 ബാഗ് അരിയും പിടിച്ചെടുത്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് ARD 35,40 എന്നീ കടകൾ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച പോലീസ് കേസും വകുപ്പ് തല നടപടികളും തുടരുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ എൻഎഫ്എസ്എ ഗോഡൗണിൽ കണ്ടെത്തിയ ക്രമക്കേടിന് ഗോഡൗൺ ഇൻ ചാർജിനെയും സ്റ്റോക്ക് കസ്റ്റോഡിയനെയും സസ്പെൻഡ് ചെയ്തിട്ടുമുണ്ട്. |
| (ബി) | സപ്ലൈകോ ഗോഡൗണുകളിൽ നിന്നും വൻതോതിൽ ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിലേക്ക് കടത്തുന്നതും ചിലയിടങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടന്നു നശിക്കുന്നതുമായി പറയപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. NFSA ഡിപ്പോകളിലേയ്ക്ക് FCI ൽ നിന്നും ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ള റേഷനിംഗ് ഇൻസ്പെക്ടർമാർ വാഹനം FCI ൽ നിന്നും പുറപ്പെട്ടാൽ ഉടൻ ഗൂഗിൾ ഷീറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തി അത് NFSA ഗോഡൗണിൽ എത്തിയാൽ ഉടനെ NFSA ഓഫീസർ ഇൻ |

| | | | |
|---|---|---|---|
| | | | ചാർജ്ജുമാർ ലൂഗിൾ ഷീറ്റിൽ രേഖപ്പെടുത്തുന്നുണ്ട്. റേഷൻ വിട്ടെടുപ്പ്/വാതിൽപ്പടി വിതരണ വാഹനങ്ങൾ നിരീക്ഷിയ്ക്കുന്നതിന് വെഹിക്കിൾ ട്രാക്കിങ് സിസ്റ്റം നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. FIFO (ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട്) പാലിച്ചു വേണം NFSA ഡിപ്പോകളിൽ നിന്നും വിതരണം നടത്തേണ്ടതെന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഭാവിയിൽ FIFO പാലിയ്ക്കാതെ ഭക്ഷ്യ ധാന്യങ്ങൾ കേടായാൽ അതിന്റെ എക്കണോമിക് കോസ്റ്റ് ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഗോഡൗണുകളിൽ നിന്നും നഷ്ടപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടെ സാമ്പത്തികബാധ്യത ഉത്തരവാദിത്തപ്പെട്ടവരിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) | ഗോഡൗണുകളിൽ നിന്നും നഷ്ടപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടെ സാമ്പത്തിക ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വരുന്നുണ്ട്. പരിശോധനകളിൽ കണ്ടെത്തുന്ന കുറവുകൾക്ക്/കുറവുകൾക്ക് ഇക്കോണോമിക്കൽ നിരക്കിലുള്ള വില ഈടാക്കുകയും വകുപ്പ് തലത്തിലുള്ള അച്ചടക്ക നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ